# സമൂഹത്തിൻെറ സ്പന്ദനമറിയുന്ന എഴുത്തുകാരി

**വാസുദേവ് പൂളിക്കൽ**

ചെറുകഥകളിലൂടെ സാഹിത്യരംഗത്തേക്ക് കടന്നു വന്ന എഴുത്തുകാരിയാണ് ശ്രീമതി സരോജ വർഗ്ഗീസ്. സാഹിത്യരംഗത്തെന്നെ പോലെ സാമുഹിക-ആദ്ധ്യാത്മിക രംഗത്തും മായാത്ത പുഞ്ചിരിയുമായി നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിപ്രഭാവമാണ് ശ്രീമതി സരോജ. പ്രവാസിയായെങ്കിലും ജനിച്ചു വളർന്ന വീടും ആ കൊച്ചു ഗ്രാമവും നിഷ്ക്കളങ്കരായ ബാല്യകാല സഖികളും എൻെറ സ്മൃതിപഥത്തിൽ മായാതെ നിൻൽക്കുന്നെന്നും ഞങ്ങൾ ഓടിക്കളിച്ചിരുന്ന പുൽമേടുകളും അവിടവിടയായി ഒഴുകുന്ന കൊച്ചരുവികളും എല്ലാം എല്ലാം മധുര സ്മരണകളായി എൻെറ മനസ്സിൽ ഇപ്പോഴുമുണ്ട് എന്നും ശ്രീമതി സരോജ എഴുതിയിട്ടുള്ളത് ആത്മാർത്ഥതയുടെ നിറവിലാണെന്ന് ശ്രീമതി സരോജയുടെ കഥകൾ വായിച്ചാൽ ബോധ്യമാകും. മുത്തശ്ശിയിൽ നിന്നും മധുരിക്കുന്ന കൊച്ചു കൊച്ചു കഥകൾ കേട്ട് വളർന്നതുകൊണ്ടായിരിക്കാം ശ്രീമതി സരോജയുടെ കഥകൾ മധുരക്കനികളായത്. ആദ്ധ്യാത്മിക തൽപരയായ ശ്രീമതി സരോജ ആത്മവിദ്യ അഭ്യസിച്ചതു കൊണ്ടായിരിക്കണം എഴുത്തുകളിലുടനീളം പ്രശാന്തതയുടെ നിഴൽ പരത്താൻ സാധിച്ചത്. സരോജ വർഗ്ഗിസ് എത്രമാത്രം ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു എന്ന് ശ്രീമതി സരോജയെ തേടിയെത്തിയ അവാർഡുകൾ വ്യക്തമാക്കുന്നു.

ശ്രീമതി സരോജ വർഗ്ഗീസിൻെറ 'സഞ്ചാരം, സഹിത്യം, സന്ദേശം' എന്ന പുസ്തകം വായിക്കാൻ ഈയ്യിടെയാണ് സാധിച്ചത്. തലക്കെട്ട് സൂചിപ്പിക്കുന്നതു പോലെ സഞ്ചാരസാഹിത്യവും സന്ദേശങ്ങൾ അടങ്ങുന്ന ലേഖനങ്ങളും ഒരു ലഘു നോവലുമാണ് ഈ പുസ്തകത്തിൻെറ ഉള്ളടക്കം. ലോകം ചുറ്റിക്കറങ്ങമ്പോൾ കണ്ട പ്രദേശങ്ങളെപറ്റി യാത്രാവിവരണം എഴുതുന്നത് എഴുത്തുകാരുടെ ഒരു സ്വഭാവവിശേഷമാണ്. യാത്രാവിവരണത്തെ സാഹിത്യത്തിൻെറ തലത്തിലേക്കുയർത്തി ശ്രീമതി സരോജ എഴുതിയ സഞ്ചാര സാഹിത്യം മികവുറ്റ ഒരു സാഹിത്യ രചനയാണ്. സഞ്ചാര സാഹിത്യം വായിക്കുമ്പോൾ വായനക്കാരുടെ മനസ്സിൽ കാണാത്ത പ്രദേശങ്ങൾ കണ്ണിൽ കണ്ട അനുഭൂതിയുളവാക്കുന്നതിലാണ് സഞ്ചാര സാഹിത്യ രചനയുടെ വിജയമിരിക്കുന്നത്. ശ്രീമതി സരോജ ഈ ലക്ഷ്യം. കൈവരിച്ചതായി കാണാൻ സാധിക്കും. സഞ്ചാര സാഹിത്യത്തിൻെറ തുടക്കം കേരളത്തിൽ നിന്നാണ്. കേരളത്തിലെ മനോഹരമായ പ്രകൃതി സൗന്ദര്യത്തേക്കാൾ നട്ടു വളർത്തിയ പച്ചമരുന്ന് തോട്ടങ്ങൾ ശ്രീമതി സരോജയെ ആകർഷിച്ചത് ശാരീകാസ്വസ്ഥക്ക് ചികത്സക്കായി എത്തിയതു കൊണ്ടായിരിക്കാം. മലയാറ്റൂർമല മുത്തപ്പനെ കാണാനുള്ള ആകാംക്ഷയോടെ മലയാറ്റൂർ എത്തിയെങ്കിലും മലകേറാനുള്ള ബുദ്ധിമുട്ടു കാരണം മടങ്ങിയത് നിരാശയോടെ കുറിച്ചിട്ടത് വായിച്ചപ്പോൾ എൻെറ ഹൈസ്കൂൾ/കോളേജ് കാലത്ത് പൊന്നും കുരിശു മലമുത്തപ്പോ പൊന്മല കേറ്റം എന്ന് സംഗീതാത്മകമായി ആലപിച്ചു കൊണ്ട് മലയാറ്റൂർമല കയറിയത് ഓർമ്മയെ തഴുകിപ്പോയി. തോമാശ്ലീകയുടേതെന്ന് പറയപ്പെടുന്ന മലമുകളിലെ പാറയിലെ കാൽപ്പാടുകൾ കണ്ട് മടങ്ങുമ്പോൾ തോമാശ്ലീഹയുടെ കേരള സന്ദർശനം വിവാദ വിഷയമായതിനെ പറ്റി ചിന്തിച്ചു. പിന്നീടുള്ള യാത്ര കാനനഭംഗി ആസ്വദിച്ചുകൊണ്ട് മതത്തിൻെറ വിഭാഗീയതകളില്ലാത്ത അയ്യപ്പസന്നിധാനത്തിലേക്കായിരുന്നു. പമ്പയിൽ എത്തി കുളിർമയുള്ള വെള്ളത്തിൽ കാൽ തോട്ടപ്പോൾ വർഷങ്ങൾക്ക് മുമ്പ് ജോർഡാൻ നദിയിൽ ഇറങ്ങി നിന്ന ഓർമ്മ വന്നു എന്ന് സഞ്ചാരി കുറിച്ചിടുന്നു. പിന്നീടുള്ള മലകയറ്റം കഠിനമെന്ന് കരുതി പമ്പയുടെ ഉത്ഭവം കണ്ട സംതൃപ്തിയിൽ മടങ്ങുമ്പോൾ ക്ഷേത്രനടയിൽ എഴുതി വെച്ചിക്കുന്ന 'തത്വമസി'യെ പറ്റി ഓർത്ത്, ദൈവം എല്ലാവരുടേയും മനസ്സിലുണ്ട് എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. മനുഷ്യൻെറ ഈശ്വരനെ തേടിയുള്ള അലച്ചിലിന് അവസാനമില്ല. പിണ്യസ്ഥലങ്ങൾ സന്ദർശിച്ച് ക്ഷേത്രങ്ങളിലും ആരാധാനാലയാങ്ങളിലും കൈ കൂപ്പി നിന്ന് പ്രാർത്ഥിച്ചാലെ ദൈവസന്നിധിയിൽ എത്താൻ സാധിക്കുകയുള്ളൂ എന്ന മിദ്ധ്യാധാരണ മനുഷ്യരെ കീഴ്പ്പെടുത്തി ക്കൊണ്ടിരിക്കുന്നു. വെളുപ്പിന് ദേവാലയങ്ങളിൻ നിന്ന് അന്തരീക്ഷത്തിൽ മുഴങ്ങുന്ന പ്രാർത്ഥന എന്തിന് എന്ന ചോദ്യവുമായി ശ്രീമതി സരോജ നിൽക്കുന്നു. ഓരോ മതസ്ഥരും അവരുടെ പ്രതാപം കാണിക്കുകയാണ്. മതേതരത്വത്തിനു പകരം കേരളത്തിൽ വളർന്നു വരുന്നത് മതമൗലികതയാണ്. മതങ്ങൾ തമ്മിൽ പൊരുതി ജയിപ്പതസാധ്യമെന്ന് മനസ്സിലാക്കാതെ എൻെറ മതമാണ് നിൻെറ മതത്തിനേക്കാൾ മുന്തിയത് എന്ന പ്രചാരണത്തിൻെറ ഭാഗമാണ് ഉച്ച ഭാഷിണിയിൽ കൂടി ആലപിക്കുന്ന ഈ പ്രാത്ഥനകളും കീർത്തനങ്ങളും. വെളുപ്പിനുള്ള സുഖനിദ്രക്ക് ഭംഗം വരുത്തിക്കൊണ്ട് വാങ്കു വിളിയും പ്രാർത്ഥനകളും

ഉച്ചഭാഷിണിയിലൂടെ മുഴങ്ങിക്കേൾക്കുമ്പോൾ കരഞ്ഞ് നമ്മെ ഉറക്കത്തിൽ നിന്നുണർത്തുന്ന ചീവീടുകളെ പോലെ മതങ്ങൾ മത്സരിച്ച് കരയുകയാണ് എന്നു വേണം കരുതാൻ. വാങ്കു വിളിയും മണിനാദവും ശംഖുനാദവും സമന്വയിക്കുന്ന ഏകരാഗസംഗീതമാണ് സമൂഹനന്മക്കാവശ്യം എന്ന പക്ഷത്താണ് ഗ്രന്ഥകാരി.

പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാൻ മൂന്നാറിൽ എത്തിയപ്പോൾ എഴുത്തുകാരിയെ ഏറ്റവും കൂടുതൽ ആകർഷിച്ചത് പൂത്തുലഞ്ഞു നിൽക്കുന്ന നീലക്കുറിഞ്ഞിപ്പൂക്കളാണ്, നീലക്കുറിഞ്ഞിപ്പൂക്കൾ കമിതാക്കളുടെ മനസ്സിൽ പ്രേമമുണർത്തുന്ന പ്രതീകമാണെന്നും മുരുകൻ നീലക്കുറിഞ്ഞിപ്പൂക്കൾ കൊണ്ട് കോർത്ത മാല ചാർത്തിയാണ് വള്ളിയെ വിവാഹം കഴിച്ചതെന്നും മറ്റും വായിച്ചപ്പോൾ നീലക്കുറിഞ്ഞിപ്പൂക്കൾക്ക് ജീവിതത്തിൻെറ വിഭിന്ന ഭാവങ്ങളെ തൊട്ടുണർത്താനുള്ള മാസ്മരശക്തിയുള്ളതായി തോന്നി. സിംഗപ്പൂരിൽ മറീന ഉൾക്കടലിൽ നിർമ്മിച്ചിരിക്കുന്ന പൊങ്ങിക്കിടക്കുന്ന മൈതാനവും സിംഗപ്പൂർ ഫ്ലയർ എന്നറിയപ്പെടുന്ന യന്ത്ര ഊഞ്ഞാലും മലേഷ്യയിലെ സുൽത്താൻെറ കൊട്ടാരവും ഇരട്ട സൗധങ്ങളും മറ്റും കണ്ട് ജപ്പാനിൽ എത്തി കാഴ്ചകൾ കണ്ടപ്പോൾ ഹൃദയം കലുഷമായി. നാഗസാകിയിലും ഹിരോഷിമയിലും അമേരിക്കയുടെ ബോംബാക്രണത്തിൽ കത്തിക്കരിഞ്ഞ് ചാമ്പലായ മനുഷ്യരെ പറ്റി ഓർത്തപ്പോൾ ശ്രീമതി സരോജയുടെ ഹൃദയം വിങ്ങി. അങ്ങനെ ഒരാക്രമണത്തിൻെറ ആവശ്യമുണ്ടായിരുന്നോ എന്ന് ചോദിക്കുന്നവർക്കുള്ള മറുപടിയായി ജപ്പാൻകാരുടെ അഹങ്കാരത്തിന് അറുതി വരുത്താൻ ഈശ്വരൻ പ്രത്യക്ഷപ്പെട്ടത് ബോംബുകളുടെ രൂപത്തിലാണെന്ന് പറയേണ്ടി വരും. പേൾ ഹാർബറിൽ നിരപരാധികളുടെ ജീവനെടുത്തത് ജപ്പാൻെറ അഹങ്കാരവും അധികാരമോഹവും മൂലമാണ്. സത്യമേവ ജയതെ, സത്യം അമേരിക്കയുടെ പക്ഷത്തായിരുന്നു. സത്യത്തിൻെറ വിജയം ക്രൂരതയായി കണക്കാക്കേണ്ടതില്ല. സഞ്ചാരികൾ കാഴ്ചകൾ കണ്ട് ആസ്വദിക്കുന്നതിൽ മാത്രം മുഴുകിയിരിക്കുമ്പോൾ സന്ദർശിച്ച പ്രദേശങ്ങളുടെ ചരിത്ര പാശ്ചാത്തലത്തെപറ്റി അന്വേഷിക്കാറില്ല. അറിവിൻെറ ഔന്നത്യത്തിലേക്ക് ആരോഹണം ചെയ്യാൻ ആഗ്രഹിക്കുന്ന സഞ്ചാരി ഒരറിവും ഒരിക്കലും പൂർണ്ണമല്ല എന്ന് മനസ്സിലാക്കി അറിവിനായി തുറക്കാവുന്ന കാവാടങ്ങളെല്ലാം തുറന്നു നോക്കാനുള്ള ജിജ്ഞാസയോടെ സന്ദർശിച്ച പ്രദേശങ്ങളുടെ ചരിത്രവും കൂടി സഞ്ചാര സാഹിത്യത്തിലേക്ക് സംക്രമിപ്പിക്കുമ്പോൾ ആ സാഹിത്യ രചനക്ക് മികവ് വർദ്ധിക്കുന്നു, പൂർണ്ണതയിലെത്തുന്നു, ഈ സവിശേഷത ശ്രീമതി സരോജ വർഗ്ഗീസിൻെറ സഞ്ചാര സാഹിത്യത്തിൽ കാണാം.

സന്ദേശങ്ങൾക്ക് മരണമില്ല. മാനുഷീക മൂല്യങ്ങളെപറ്റി ഉൽബോധനം നൽകുന്ന സന്ദേശങ്ങൾ മനുഷ്യർക്ക് മാർഗ്ഗദർശനമായിരിക്കും. സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നല്ലവരായി സാമൂഹ്യനന്മയെ ലക്ഷ്യമാക്കി ജീവിക്കണമെന്നായിരിക്കും എല്ലാവരും ആഗ്രഹിക്കുന്നത്. എന്നാൽ സംഘർഷങ്ങളിൽ ജീവിതത്തിൻെറ സന്തുലിതാവസ്ഥ തന്നെ മാറി മറിയുമ്പോൾ അക്ഷമരാകുന്ന മനുഷ്യരുടെ വാക്കുകൾ കർക്കശമാകുന്നു, അവരുടെ പെരുമാറ്റങ്ങൾ മറ്റുള്ളവർക്ക് വേദനയുണ്ടാക്കുന്നു. ജനങ്ങൾക്ക് നേർവഴിയുടെ സന്ദേശവുമായി മറ്റൊരു ഭാവത്തിൽ ശ്രീമതി സരോജ നിൽക്കുന്നു. 'സൗഹൃദത്തിൻെറ സുകൃതവും ക്ഷമാശീലവും അന്ധകാരത്തിലെ നുറുങ്ങു വെട്ടം പോലെ പ്രകാശിപ്പിച്ച്, സംഭാഷണവും പെരുമാറ്റവും മയപ്പെടുത്തി അസൂയ ഔഷധമില്ലാത്ത മഹാവ്യാധിയായി തീർക്കാതെ ചേതനകളെ നശിപ്പിക്കുന്ന ഭയത്തിൽ നിന്ന് വിമുക്തരായി സ്നേഹം ജീവിതത്തിൻെറ ചൈതന്യ സ്രോതസ്സാക്കി ജീവിതത്തിൽ സുഗന്ധത്തിൻെറ പൂക്കളം തീർത്ത് മതങ്ങളുടെ മതിൽക്കെട്ടുകൾക്കപ്പുറം കടന്ന് അപകർഷതാബോധത്തിനടിമയാകാതെ' ജീവിതത്തെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്ന സന്ദേശങ്ങളാണ് ശ്രീമതി സരോജ നൽകുന്നത്. അതുകൊണ്ട് തന്നെ ആ സന്ദേശങ്ങൾക്ക് അസ്ഥിത്വമുണ്ട്.

യുവതലമുറയുടെ ഭാവിയെപറ്റിയുള്ള വ്യാകുലതയോടെ ആരംഭിക്കുന്ന സന്ദേശത്തിൽ കുട്ടികളിൽ മൂല്യബോധവും സംസ്കാരവും വളർത്തിക്കൊണ്ടു വരുന്നതിൽ മതാപിതാക്കൾ പിന്നോക്കം പോകാതെ അവർക്ക് ജീവിതത്തിൽ മുന്നേറാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്ത് പ്രോത്സാഹനം നൽകണമെന്ന് നിഷ്‌ക്കർഷിക്കുന്നത് തികച്ചും ന്യായീകരിക്കാവുന്നതാണ്. എത്രയൊക്കെ സ്നേഹവും പരിചരണവും നൽകി വളർത്തിയാലും കുട്ടികൾ അഹങ്കാരത്തിൻെറ വിത്തുകളായി അപഥസഞ്ചാരികളാകുന്നെങ്കിൽ അത് വിധി എന്നു കരുതി സമാധാനിക്കാനേ നിവൃത്തിയുള്ളൂ. പലപ്പോഴും വിധിയുടെ മറവിലാണല്ലോ മനുഷ്യർ സാന്ത്വനം കണ്ടെത്തുന്നത്. സ്വന്തം മകൻെറ നേരെ നിറയൊഴിക്കുന്ന പിതാവിനും ന്യായീകരണമുണ്ടാകും. സ്ത്രീകൾ എഴുതുന്നതിനെ ചിലർ വിമർശനാത്മകമായി സമീപിക്കുന്നുണ്ട്. അത് ഞാൻ കേമൻ എന്ന ചിന്തയുടെ പരിണിതഫലമാണ്. സ്ത്രീകൾ എഴുതുന്നതിൽ എത്രയൊക്കെ സാഹിത്യമൂല്യമുണ്ടെങ്കിലും പെണ്ണെഴുത്ത് എന്ന് പറഞ്ഞു പുരുഷമേധാവിത്വം അവഹേളിക്കുന്നത് പാമ്പുകൾക്ക് മാളമുണ്ടോ എന്ന് ചോദിക്കുന്നതു പോലെയാണ്. പൊത്തിൽ കയ്യിട്ടാൽ പാമ്പുകൾക്ക് മാളമുണ്ടോ എന്ന സംശയം തീരും. സ്ത്രീകൾക്ക് സ്വതന്ത്രമായി എഴുതാൻ ആരുടേയും അംഗീകാരത്തിൻെറ ആവശ്യമില്ല എന്ന ശ്രീമതി

സരോജയുടെ സന്ദേശം പുരുഷമേധാവികളുടെ കണ്ണു തുറപ്പിക്കുമായിരിക്കും. സ്ത്രീകളെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിലുള്ള അമർഷം ശ്രീമതി സരോജ വീണ്ടും പ്രകടിപ്പിക്കുന്നു. ഭാരതീയ സംസ്ക്കാരത്തിൽ വിവാഹിതരാകതെ സ്ത്രീകൾ പ്രസവിക്കുമ്പോൾ ഒറ്റപ്പെടുത്തുന്നത് സ്ത്രീകളെ മാത്രം. അവർക്ക് ഗർഭം സാമ്മാനിച്ചുകൊണ്ട് നിർദ്ദയരായ പുരുഷന്മാർ അപ്രത്യക്ഷരാകുന്നു. അവിഹിത ഗർഭത്തിൽ നിന്ന് ജനിക്കുന്ന കുട്ടികൾ അച്ഛനില്ലാത്തവർ എന്ന അവഹേളനം മനോവേദനയോടെ അനുഭവിക്കുന്നതു കാണുമ്പോൾ അച്ഛനില്ലാത്ത കുട്ടികൾ എന്ന പദപ്രയോഗത്തിന് പകരം അച്ഛൻ ഉപേക്ഷിച്ചു പോയ കുട്ടികൾ എന്നാകണം എന്ന് ശ്രീമതി സരോജ ഒരു സന്ദേശമെന്നോണം സമൂഹത്തെ ആഹ്വാനം ചെയ്യുന്നു. പാതിവൃത്യത്തിൻെറ മഹത്വം ഉയർത്തിപ്പിടിക്കുന്നവരാണ് ഭാരതീയ സ്ത്രീകൾ. പാതിവൃത്യവും ഏകപത്നീവൃതവും ബ്രഹ്മചര്യവും അനുഷ്ഠിക്കുന്നവരെ അത്ഭുതത്തോടും ആദരവോടുമാണ് സാധാരണക്കാർ കാണുന്നത്. ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവർ ആദ്ധ്യാത്മിക ബോധത്തിൻെറ ഔന്നത്യത്തിൽ എത്തിയവരായി കണക്കാക്കി ഭാരതീയർ അവരെ ബഹുമാനിക്കുന്നു. എന്നാൽ, അമേരിക്കൻ സംസ്ക്കാരത്തിൽ അതൊരു പോരായ്മയാണ്, രോഗമാണ് എന്ന് കണക്കാക്കി അവർക്ക് സ്ത്രീസമ്പർക്കത്തിന് താൽപര്യമുണ്ടാകാൻ വേണ്ട ചികത്സ നൽകുന്നു. വിവാഹത്തിലൂടെ വേണം കുട്ടികൾ ഉണ്ടാകാൻ എന്ന് നിർബ്ബന്ധവുമില്ല. ഈ കാഴ്ച്ചപ്പാടിൽ ബ്രഹ്മചാരികൾ മാനസിക രോഗികളാണ്. അതിൻെറ ലക്ഷണങ്ങൾ നമ്മൾ കാണുന്നുമുണ്ടല്ലോ. നമ്മൾ ജീവിക്കുന്ന സംസ്ക്കാരത്തെപറ്റി നമ്മൾ ബോധമുള്ളവരായിരിക്കണം എന്ന് ശ്രീമതി സരോജ നിർഷ്ക്കർഷിക്കുന്നു. മനസ്സിൽ തങ്ങി നിൽക്കുന്ന ശ്രീമതി സരോജയുടെ സന്ദേശ പ്രവാഹത്തിലൂടെ ഒഴുകി നടക്കുന്നതിൽ സുഖം കാണാത്തവർ ഉണ്ടാകാൻ സാധ്യതയില്ല.

പ്രകൃതിക്ഷോഭം കൊണ്ട് എല്ലാം നശിച്ച് വെറും കയ്യോടെ മനുഷ്യർ നിൽക്കുമ്പോൾ പ്രകൃതിനിയമനുസരിച്ച് ജീവിക്കണമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ വിഷമമാണ്. പക്ഷെ നിസ്സഹായരായി നോക്കി നിൽക്കാനല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. കഴിഞ്ഞ വർഷത്തെ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച് പാപ്പരാവസ്ഥയിലാണ് 'മിനിക്കുട്ടി എന്ന സൂസമ്മ' എന്ന നോവലിലെ മത്തായിച്ചൻ. ഈ വർഷവും പ്രകൃതിക്ഷോഭമുണ്ടായാൽ ബങ്കിൽ നിന്നെടുത്ത കടം തീർക്കാനാകാതെ കിടപ്പാടം നഷ്ടപ്പെടുമെന്ന വ്യസനത്തിലാണയാൾ. മത്തായിച്ചനെ പോലെ എത്ര പേരുണ്ട് ഈ സമൂഹത്തിൽ! കടം കേറി ആത്മഹത്യ ചെയ്തവരുടെ കഥയോർത്ത് മത്തായിച്ചൻ ഒന്ന് ഞെട്ടി. ആത്മഹത്യ ഒന്നിനും പരിഹാരമാർഗ്ഗമല്ലെന്നും കൂലി വേല ചെയ്താണെങ്കിലും കുടുംബം പോറ്റുമെന്ന ദൃഢനിശ്ചയത്തോടെ മുന്നോട്ടു പോയ മത്തായിച്ചന് അതു തന്നെ ചെയ്യേണ്ടി വന്നു. മത്തായിച്ചനെ പ്രകൃതി കനിഞ്ഞില്ല. മത്തായിച്ചൻെറ വീട് ജപ്തി ചെയ്യപ്പെട്ടു. ഭാര്യയും കൗമാരപ്രായത്തിൽ എത്തി നിൽക്കുന്ന രണ്ട് പെൺമക്കളുമായി തെരുവിലേക്ക് ഇറങ്ങേണ്ടി വരുന്ന ഒരു കുടുംബനാഥൻെറ മനോവേദന വായനക്കാരുടെ ഹൃദയത്തിൽ തട്ടത്തക്കവണ്ണം നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നു. കർത്താവ് കരുണയുള്ളവനാണെന്ന് കൂടെ കൂടെ പറയുന്ന മത്തായിച്ചൻെറ ഭാര്യ കർത്താവിൻെറ കരുണക്ക് പാത്രമാകാതെ ദുരവസ്ഥയിൽ ആണ്ടുപോയപ്പോഴും കർത്താവിനെ തന്നെ അഭയം പ്രാപിക്കുമ്പോൾ ദുരിതങ്ങൾ ദൈവവിശ്വാസത്തിന് പോറലേൽക്കാൻ ഇടയാകരുതെന്ന് നോവലിസ്റ്റ് ഓർമ്മപ്പെടുത്തുന്നു.

ദുഃഖത്തിൽ പൊതിഞ്ഞ കഥയുമായി നോവലിസ്റ്റ് മുന്നോട്ടു പോകുമ്പോൾ മത്തായിച്ചൻെറ ജീവിതത്തിൽ ഒരു നല്ല കാലം വരില്ലേ എന്ന് വായനക്കാർ ചോദിച്ചേക്കാം. അതിന് ഉത്തരമെന്നോണം മത്തായിച്ചൻെറ ജീവിതത്തിൽ പ്രതീക്ഷകളുടേയും സന്തോഷത്തിൻേറയും നാളുകൾ കടന്നു വരാൻ തുടങ്ങി. മൂത്ത മകൾ സൂസമ്മ വികാരിയച്ചൻെറ കാരുണ്യം കൊണ്ട് നേഴ്സിംഗ് പഠിച്ച് ജോലിക്കാരിയായി വീട്ടുകാരെ സംരക്ഷിക്കാൻ തുടങ്ങി. എന്നാൽ ആ സൗഭാഗ്യം ദീർഘനാൾ നീണ്ടു നിന്നില്ല. പ്രാരബ്ധക്കാരനായ ഒരു കുടുമ്പനാഥൻെറ നിസ്സഹായാവസ്ഥ തുടക്കത്തിൽ തന്നെ വായനക്കാരിൽ ജിജ്ഞാസയുളവാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുന്ന നോവൽ സുസമ്മയുടെ ജീവിതത്തിലേക്കെത്തുമ്പോൾ സങ്കീർണ്ണതയിലേക്ക് കാലു കുത്തുന്നതായി കാണാം. വിധി സൂസമ്മയുടെ മേൽ താണ്ഡവ നൃത്തം തുടങ്ങി. സൂസമ്മ ബലാൽസംഗം ചെയ്യപ്പട്ടു. അവൾ ഗർഭിണിയായി. അവളുടെ സ്വപ്നങ്ങൾ കൊഴിഞ്ഞു വീണു. ജോലി നഷ്ടപ്പെട്ടു. അവിഹിത ഗർഭത്തിന് സമൂഹത്തിൻെറ കുറ്റപ്പെടുത്തലിന് പാത്രീഭവിക്കുന്നത് സ്ത്രീ തന്നെ. അവളെ ബലാത്സംഗം ചെയ്തതാരെന്ന് അറിയാനോ അയാളെ കുറ്റപ്പെടുത്താനോ സമൂഹം മെനക്കാടാറില്ല. പുരുഷൻ കേമൻ. സ്ത്രീ എവിടേയും പരീക്ഷക്കപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു സാമൂഹ്യ പരിവർത്തനത്തിൻെറ അനിവാര്യത തള്ളിക്കാളയാനാവില്ല. സൂസമ്മ 'പടു രാക്ഷസ ചക്രവർത്തിയെന്നുടൽ മോഹിച്ചത് ഞാൻ പിഴച്ചതോ' എന്ന് ചോദിക്കുന്ന സീതയെ അനുസ്മരിപ്പിക്കുന്നു. ഒരു തെറ്റും ചെയ്യാതെ ചതിയിൽ അകപ്പെട്ട് അപമാനിതയായ സൂസമ്മ ഭൂമി പിളർന്ന് കീഴ്പ്പോട്ട് പോയിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നതും സീതയുടെ ചിന്തയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ചിന്തയുടെ ലോകത്ത് കുറ്റപ്പെടുത്തലിന് സ്ഥാനമില്ല. അങ്ങനെ

ചിന്തിക്കാമായിരുന്നില്ലേ, ഇങ്ങനെ ചിന്തിക്കാമായിരുന്നില്ലേ എന്ന ചോദ്യത്തിന് പ്രസ്കക്തിയില്ല. അങ്ങനെ ചിന്തിച്ചതെന്തുകൊണ്ട് എന്നതിനേ പ്രസക്തിയുള്ളൂ. മനം തകർത്ത വ്യസനത്തിൽ നിന്ന് ഉടലെടുത്തതാണ് സൂസമ്മയുടെ ചിന്തകൾ. നോവലിസ്റ്റ് അവതരിപ്പിക്കുന്ന സൂസമ്മ സ്വന്തം ആത്മാവിലെ പുരുഷന്മാരുടെ നികൃഷ്ട പ്രവൃത്തികളോടുള്ള എതിർപ്പിന്റെ ഒരു പ്രതിച്ഛായയാണ്. സൂസമ്മയുടെ ശോകഭാരം ഏറ്റു വാങ്ങുന്ന വായനക്കാർ അവരുടേതായ ഒരു സൂസമ്മയെ ആവിഷ്ക്കരിച്ച് പുരുഷമേധാവിത്വത്തിനെതിരെ സ്വരമുയർത്തുമെന്ന ചിന്തയും കഥാകാരിക്കുണ്ടാവാം. സമൂഹത്തിന്റെ വൈരുദ്ധ്യ പ്രവണതളെ എഴുത്തുകാരിയുടെ പ്രതിഭയിൽ സുസമ്മയെ കരുവാക്കി അവതരിപ്പിക്കുന്നു. നോവലിസ്റ്റിന്റെ ഈ സമീപനം തികച്ചും മനഃശസ്ത്രപരമാണ്. കൊലപാതകം പാപമാണെന്നറിയുന്നതു കൊണ്ടായിരിക്കാം അവൾ ഗർഭശിശുവിനെ നശിപ്പിക്കാൻ തയ്യാറാകാതിരുന്നത്. ജീവിതം വഴിമുട്ടി നിന്നപ്പോൾ ദൈവദൂതന്മാരെപ്പോലെ ഉദയവർമ്മ-രാജശ്രീ ദമ്പതിമാർ സൂസമ്മയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് അവൾക്ക് അഭയം നൽകി. യാഥാസ്ഥികരായ മാതാപിതാക്കളുള്ള വീട്ടിലേക്ക് രാജശ്രീ സൂസമ്മയെ മിനിക്കുട്ടിയായിട്ടാണ് കൂട്ടിക്കൊണ്ടു പോകുന്നത്. നിലനിൽപ്പിന് വേണ്ടി സ്വന്തം വ്യക്ത്യിത്ത്വം പോലും ബലിയർപ്പിക്കേണ്ടി വന്ന സൂസമ്മയുടെ മനോവ്യഥ ഊഹിക്കാവുന്നതേയുള്ളൂ. മതവിവേചനങ്ങൾക്ക് അറുതി വരാൻ ഇനിയും എത്ര നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടി വരും!

പട്ടാളമേധാവി ഉദയവർമ്മ തന്റെ ജോലിസ്ഥലമായ കാഷ്മീരിലേക്ക് സുസമ്മയേയും കൂട്ടിക്കൊണ്ട് പോയത് വെറുതെ ആയിരുന്നില്ല. മക്കളില്ലാത്ത ദുഃഖത്തിൽ കഴിയുന്ന, സ്വന്തം സഹോദരിയെ പോലെ താൻ സ്നേഹിച്ചിരുന്ന രാജശ്രീക്ക് തന്റെ പ്രസവിക്കാനിരിക്കുന്ന കുഞ്ഞിനെ കൊടുക്കാൻ തയ്യാറായെങ്കിലും ജീവനില്ലാത്ത കുഞ്ഞിനെയാണ് സൂസമ്മ പ്രസവിച്ചത്. ഉദയവർമ്മ-രാജശ്രീ ദമ്പതിമാർ മറ്റൊരു പദ്ധതിയുമായി സൂസമ്മയെ സമീപിച്ചു. സൂസമ്മയുടെ ഗർഭപാത്രം വാടകക്കെടുത്ത് ഉദയവർമ്മയുടെ ബീജം സൂസമ്മയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കപ്പെട്ടു. സൂസമ്മ പ്രസവിച്ചപ്പോൾ കുഞ്ഞിനെ ഒന്നു കാണാനും വാരിപ്പുണർന്നുമ്മ വയ്ക്കാനും സൂസമ്മയുടെ ഹൃദയം തുടിച്ചുവെങ്കിലും ഉദയവർമ്മ-രാജശ്രീ ദമ്പതിമാർ അനുവദിച്ചില്ല. അവളുടെ മാതൃഹൃദയം തേങ്ങി. ചെറുപ്പത്തിൽ പട്ടാളത്തിൽ ചേർന്ന അയൽക്കാരൻ അജിത്തിനെ സൂസമ്മ കാശ്മീരിൽ വെച്ച് പരിചയപ്പെട്ടിരുന്നു. സൂസമ്മയുടെ ജീവിതത്തിന്റെ അകവും പുറവും അറിഞ്ഞിരുന്ന അജിത് സൂസമ്മയെ സ്വീകരിക്കാൻ തയ്യാറായി. ഇതിനിടക്ക് നാട്ടിലേക്ക് പോയ സൂസമ്മ താൻ പ്രസവിച്ച കുഞ്ഞിനെ ഒന്ന് കാണാനും മാറോട് ചേർത്ത് പിടിക്കാനുമുള്ള വെമ്പലോടെ അജിത്തിനോടൊപ്പം വീണ്ടും കാശ്മീരിൽ എത്തിയെങ്കിലും ഉദയവർമ്മ സ്ഥലം മാറിപ്പോയതുകൊണ്ട് കുഞ്ഞിനെ കാണാൻ സാധിച്ചില്ല. തന്നെയുമല്ല താൻ മാറിപ്പോയ സ്ഥലത്തെപറ്റി ആരും അറിയാതിരിക്കാനുള്ള ഏർപ്പാടും ഉദയവർമ്മ ചെയ്തിരുന്നു എന്ന് മനസ്സിലാക്കിയപ്പോൾ തന്നെ അവർ ചേർത്തു പിടിച്ചത് സ്വന്തം നേട്ടങ്ങൾക്കു വേണ്ടിയാണെന്നും നേരത്തെ കരുതിയതുപോലെ അവർ ദൈവദൂതന്മാരല്ല, സാത്താന്റെ സന്തതികളാണെന്നും സുസമ്മക്ക് ബോധ്യമായി. കാഷ്മീരിലേക്ക് തിരിച്ചു വരാതിരിക്കാൻ വേണ്ടിയായിരിക്കണം ഉദയവർമ്മ സൂസമ്മക്ക് ബാഗ്ലൂരിൽ ഒരു ജോലി തരപ്പെടുത്തിക്കൊടുത്തത്. ഉദയവർമ്മ-രാജശ്രീ ദമ്പതിമാർ സൂസമ്മയെ സഹായിച്ചുവെങ്കിലും ക്രൂരമായ സ്വാർത്ഥതയുടെ പ്രതിനിധികളായാണ് അവർ ചിത്രീകരിക്കപ്പെടുന്നത്. അവർ സ്നേഹം നടിക്കുകയായിരുന്നു. സ്നേഹം നടിക്കാനുള്ളതല്ല, ആത്മാർത്ഥതയോടെ പ്രകടിപ്പിക്കാനുള്ളതാണ്. അപ്പൊഴെ സ്നേഹത്തിന് മഹത്വമുണ്ടാവുകയുള്ളൂ. മനുഷ്യർ പരസ്പരം സ്നേഹിച്ചു വേണം ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ. ജീവിതത്തിന്റെ ഗതി നിർണ്ണയിക്കുന്നത് മനുഷ്യരല്ല, ഈശ്വരനാണ്. വിശ്വസിക്കുന്നവരെ ഈശ്വരൻ ഒരിക്കലും കൈവെടിയുകയില്ല. ഭാഗ്യദോഷം കൊണ്ട് രണ്ടു പ്രാവശ്യം പ്രസവിക്കേണ്ടി വന്നെങ്കിലും നന്മ നിറഞ്ഞ സൂസമ്മ അജിത്തിന്റെ കയ്യിൽ സുരക്ഷിതയായി. അധികം ശാഖകളില്ലാത്ത കഥാതന്തു വികസിപ്പിച്ചെടുത്ത് നോവൽ പൂർണ്ണതയിൽ എത്തിക്കുന്ന സരോജ വർഗ്ഗീസിന്റെ ആവിഷ്ക്കാര ചാരുത ഏതൊരു സഹൃദയനും ആസ്വദിക്കാതിരിക്കില്ല.

സരോജ വർഗ്ഗീസിന്റെ സാഹിത്യത്തിലെ വിഭിന്ന അഭിരുചിയുടെ പ്രതിഫലനമാണ് 'സഞ്ചാരം, സാഹിത്യം, സന്ദേശം' എന്ന പുസ്തകം. ശ്രീമതി സരോജയുടെ മറ്റു സാഹിത്യരചനകൾക്കൊപ്പം ഈ പുസ്തകവും വായനക്കാരുടെ കയ്യിൽ സ്ഥാനം പിടിച്ച് സാഹിത്യരംഗത്ത് വിരാജിക്കട്ടെ. ഗ്രന്ഥകാരിക്ക് അഭിനന്ദനങ്ങൾ.